ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 30.06.2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. വിദ്യാസമ്പന്നരായ യുവാക്കൾ സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ ഉയർത്തിക്കൊണ്ടുവരണമെന്നും രാഷ്ട്ര നിർമ്മാണത്തിൽ പങ്കാളികൾ ആവണമെന്നും രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Draupadi Murmu has urged educated youth to uplift the weaker sections of the society and become partners in nation building.**

2. രാജ്യത്തെ ആരോഗ്യമേഖലയുടെ വികസനത്തിനായി അടിസ്ഥാന സൗകര്യങ്ങൾക്കൊപ്പം മെഡിക്കൽ വിദഗ്ധരെ വാർത്തെടുക്കുന്നതിനും സർക്കാർ തുല്യ പ്രാധാന്യമാണ് നൽകുന്നതെന്ന് കേന്ദ്ര മന്ത്രി ജെ പി നഡ്ഡ.

   **Union Minister JP Nadda has said that the government is giving equal importance to developing medical experts along with infrastructure for the development of the country's health sector.**

3. 31-ാമത് കരസേനാ മേധാവിയായി ജനറൽ ധീരജ് സേത്ത് ചുമതലയേറ്റു.

**General Dheeraj Seth took charge as the 31st Chief of Army Staff.**

4. ഖാദി മേഖലയെ ആധുനികരിക്കുന്നതിനായി 'ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ' നിയമം ഭേദഗതി ചെയ്യാനുള്ള നിർദ്ദേശത്തിന് കേന്ദ്ര സർക്കാർ അംഗീകാരം നല്കി.

**The Central Government has approved the proposal to amend the 'Khadi and Village Industries Commission' Act to modernize the Khadi sector.**

5. കേരളത്തിൽ അതിശക്തമായ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് . രണ്ട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

**The Central Meteorological Department has warned of heavy rains in Kerala. Orange alert in two districts. Fishing banned on the Kerala-Lakshadweep coasts.**

6. ഫിഫാ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് രാത്രി ഐവറി കോസ്റ്റ് നോർവേയെ നേരിടും.

**Ivory Coast will face Norway tonight in the FIFA World Cup.**

## PREZ- AP VISIT - (INTRO)

വിദ്യാഭ്യാസം കേവലം ജോലി നേടുന്നതിനപ്പുറം, സമത്വവും എല്ലവരെയും ഉൾക്കൊള്ളുന്നതുമായ ഒരു സമൂഹം കെട്ടിപ്പടുക്കാനുള്ള മാർഗ്ഗമായി ഉപയോഗിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു . വിശാഖപട്ടണത്ത് ആന്ധ്രാപ്രദേശ് കേന്ദ്ര ഗോത്ര സർവകലാശാലയുടെ ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. വിദ്യാസമ്പന്നരായ യുവാക്കൾ സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ ഉയർത്തിക്കൊണ്ടുവരണമെന്നും രാഷ്ട്ര നിർമ്മാണത്തിൽ പങ്കാളികൾ ആവണമെന്നും രാഷ്ട്രപതി പറഞ്ഞു .മാറുന്ന ലോകത്തിനു അനുസരിച്ചു പുതിയ കഴിവുകൾ നേടുമ്പോൾ വിദ്യാർത്ഥികൾ തങ്ങളുടെ സമൂഹിക സംസ്കാരിക പാരമ്പര്യങ്ങളുമായുള്ള ബന്ധം നിലനിർത്തണമെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു. ഗോത്രവർഗ്ഗ ഭാഷകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും രാഷ്ട്രപതി ഓർമിപ്പിച്ചു.

(വോയിസ് ...)

രണ്ടു ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ഇന്നാണ് ആന്ധ്രാപ്രദേശിലെത്തിയത്. നാളെ അനന്തപൂരിലുള്ള 'സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് ആന്ധ്രാപ്രദേശിന്റെ' ആദ്യ ബിരുദദാന ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും .

## PREZ-VISIT-2

വിദ്യാർഥികൾ തൊഴിൽ അന്വേഷകർ എന്നതിൽ നിന്നും തൊഴിൽ സൃഷ്ടാക്കൾ എന്ന നിലയിലേക്ക് മാറണമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ. ഇന്ത്യയെ 2047-ഓടെ വികസിത രാജ്യമാക്കുന്നതിന് സർവ്വകലാശാലകൾ നേതൃത്വം നൽകണമെന്ന് അദ്ദേഹം പറഞ്ഞു. ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് കേന്ദ്ര ഗോത്ര സർവകലാശാലയിലെ ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

## NADDA - ILBS CONVOCATION

രാജ്യത്തെ ആരോഗ്യമേഖലയുടെ വികസനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനൊപ്പം മെഡിക്കൽ വിദഗ്ധരെ വാർത്തെടുക്കുന്നതിനും സർക്കാർ തുല്യ പ്രാധാന്യമാണ് നൽകുന്നതെന്ന് കേന്ദ്ര ആരോഗ്യ മന്ത്രി ജഗത് പ്രകാശ് നഡ്ഡ. ന്യൂഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലിവർ ആൻഡ് ബിലിയറി സയൻസസിന്റെ പത്താമത് ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആരോഗ്യമേഖലയിലെ മനുഷ്യവിഭവശേഷിയും അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുന്നതിനാണ് സർക്കാർ ഊന്നൽ നൽകുന്നതെന്ന് അദ്ദേഹം പറഞ്ഞു.

## DHIRAJ SETH–COAS

31-ാമത് കരസേനാ മേധാവിയായി ജനറൽ ധീരജ് സേത്ത് ചുമതലയേറ്റു. നാല് പതിറ്റാണ്ടിലേറെ നീണ്ട സേവനത്തിന് ശേഷം ജനറൽ ഉപേന്ദ്ര ദ്വിവേദി വിരമിച്ചതിനെ തുടർന്നാണ് ജനറൽ ധീരജ് സേത്തിന്റെ നിയമനം. പൂനെ നാഷണൽ ഡിഫൻസ് അക്കാദമിയിലെ പൂർവ്വ വിദ്യാർത്ഥിയായ അദ്ദേഹം, 1986 ഡിസംബറിലാണ് കരസേനയുടെ ഭാഗമായത്.

## KVIC ACT

ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും ഖാദി-ഗ്രാമവ്യവസായ മേഖലയെ ആധുനികരിക്കുന്നതിനുമായി 1956-ലെ 'ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ' നിയമം ഭേദഗതി ചെയ്യാനുള്ള നിർദ്ദേശത്തിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകി. നിലവിലുള്ള നിയമസംവിധാനത്തെ പരിഷ്കരിക്കുന്ന ഈ നിയമഭേദഗതിയിലൂടെ ഖാദി മേഖലയെ ആധുനിക കാലഘട്ടത്തിലെ സാമ്പത്തിക വ്യവസ്ഥയ്ക്ക് അനുയോജ്യമാക്കാനും ആഗോള വിപണിയിൽ കൂടുതൽ മത്സരക്ഷമമാക്കാനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## JAISHANKAR-MOBILITY FORUM (INTRO)

വ്യാജ ഏജന്റുമാർ, മനുഷ്യക്കടത്ത്, ചൂഷണം, നിയമവിരുദ്ധ കുടിയേറ്റം എന്നിവയ്ക്കെതിരെ പോരാടാൻ എല്ലാ രാജ്യങ്ങൾക്കും കൂട്ടായ ഉത്തരവാദിത്തമുണ്ടെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ഇന്ത്യ ഇതുവരെ 26-ലധികം രാജ്യങ്ങളുമായി 28 കുടിയേറ്റ-തൊഴിൽ പങ്കാളിത്ത കരാറുകളിൽ ഒപ്പുവെച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ ഹ്യൂമൻ റിസോഴ്സ് മൊബിലിറ്റി ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ ഇ-മൈഗ്രേറ്റ് പ്ലാറ്റ്ഫോം വഴി ഇതുവരെ 50 ലക്ഷത്തിലധികം എമിഗ്രേഷൻ ക്ലിയറൻസുകൾ നൽകിയിട്ടുണ്ടെന്ന് അദ്ദേഹം അറിയിച്ചു.

(വോയ്സ്)

## REV. INDIA-PAK FATF

ഭീകരർക്കുള്ള ധനസഹായത്തിനും കള്ളപ്പണം വെളുപ്പിക്കലിനുമെതിരെയുള്ള ആഗോള പോരാട്ടത്തിൽ ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സിന്റെ പങ്ക് സുപ്രധാനമെന്ന് ഇന്ത്യ. എഫ്.എ.ടി.എഫിന്റെ 'ഗ്രേ ലിസ്റ്റിൽ' ഉൾപ്പെടുത്തിയതിന് പിന്നാലെ പാകിസ്ഥാൻ സംഘടനയെ വിമർശിച്ച പശ്ചാത്തലത്തിലാണ് ഇന്ത്യയുടെ പ്രതികരണം. എഫ്.എ.ടി.എഫിന്റെ വിശ്വാസ്യതയെ ചോദ്യം

ചെയ്യാനുള്ള ശ്രമങ്ങൾ വരാനിരിക്കുന്ന കർശനമായ സൂക്ഷ്മപരിശോധനകളെക്കുറിച്ചുള്ള ഭയം കൊണ്ടാണെന്ന് ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി. ഹരീഷ് പറഞ്ഞു. കള്ളപ്പണം വെളുപ്പിക്കലിനെതിരെയുള്ള നിയമസംവിധാനങ്ങൾ ശക്തമാക്കാൻ ഇന്ത്യ നടത്തുന്ന ശ്രമങ്ങളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു.

## SELF ENUMERATION

ദേശീയ സെൻസസിൻറെ ഭാഗമായി പൊതുജനങ്ങൾക്ക് വിവരങ്ങൾ സ്വമേധയാ നൽകാൻ കഴിയുന്ന സെൽഫ് എന്യൂമറേഷൻ ഇന്ന് രാത്രി 12 മണിക്ക് അവസാനിക്കും. se.census.com എന്ന പോർട്ടലിൽ ആണ് വിവരങ്ങൾ നൽകേണ്ടത്. മൊബൈൽ ഫോണിലൂടെ വിവരങ്ങൾ നല്കാനാകും. നാളെ മുതൽ സെൻസസ് എന്യൂമറേറ്റർമാർ വീടുകളിലെത്തി വിവരശേഖരണം ആരംഭിക്കും.

## GADKARI - ROAD SAFETY(INTRO)

രാജ്യമൊട്ടാകെയുള്ള അപകടസാധ്യതാ പ്രദേശങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനായി 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ആരംഭിച്ചതായി കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി . റോഡ് സുരക്ഷയുമായി

ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ നടന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു

അദ്ദേഹം.അപകടസാധ്യതയുള്ള ബ്ലാക്ക് സ്പോട്ടുകളും മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളും തിരിച്ചറിഞ്ഞിട്ടുണ്ട് , കൃത്യമായ സൈൻ ബോർഡുകൾ, ലൈൻ മാർക്കിംഗുകൾ അടിപ്പാതകൾ ഉൾപ്പെടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള റോഡ് എഞ്ചിനീയറിംഗ് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതായും അദ്ദേഹം പറഞ്ഞു.

(വോയിസ് .....)

ട്രാഫിക് നിയമങ്ങൾ കർശനമായി പാലിക്കാൻ പൊതുജനങ്ങൾ സഹകരിക്കണമെന്നും കേന്ദ്രമന്ത്രി അഭ്യർത്ഥിച്ചു.

**RAIN–KERALA**

സംസ്ഥാനത്ത് അതിശക്തമായ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് . കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്നും നാളെയും ഓറഞ്ച് ജാഗ്രത നൽകി. 10 ജില്ലകളിൽ ഇന്നും 7 ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രതയാണ്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെയും, കർണാടക തീരത്ത് ശനിയാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

## NEET-NIYAMASABHA

നീറ്റ് പരീക്ഷ ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ ദേശീയ പരീക്ഷ സംവിധാനം സമഗ്രമായി പരിഷ്കരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം സംസ്ഥാന നിയമസഭ പാസ്സാക്കി. ഉന്നതവിദ്യാഭ്യാസ മന്ത്രി റോജി എം.ജോൺ ആണ് പ്രമേയം അവതരിപ്പിച്ചത്. പ്രവേശന പരീക്ഷയുടെ വിശ്വാസ്യത ആവർത്തിച്ച് ചോദ്യം ചെയ്യപ്പെടുകയാണെന്നും വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും പ്രമേയം ആവശ്യപ്പെടുന്നു.

## FIFA WORLD CUP

ഫിഫാ ലോകകപ്പ് ഫുട്ബോൾ നോക്ക് ഔട്ടിൽ ഇന്ന് നോർവേ - ഐവറി കോസ്റ്റിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 10.30 ആണ് മത്സരം. പുലർച്ചെ 2.30 നു നടക്കുന്ന മത്സരത്തിൽ ഫ്രാൻസ്-സ്വീഡനെ നേരിടും . നാളെ പുലർച്ചെ 6.30 ന് ആണ് മെക്സിക്കോ-ഇക്വഡോർ പോരാട്ടം. ഇന്ന് നടന്ന മറ്റൊരു മത്സരത്തിൽ നെതർലൻഡ്സിനെ പരാജയപ്പെടുത്തി മൊറോക്കോ പ്രീ ക്വാർട്ടറിൽ കടന്നു.

## GSTAT

ചരക്ക് സേവന നികുതി അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെ അപ്പീലുകൾ നൽകാനുള്ള അവസാന തീയതി അടുത്തമാസം 31 വരെ നീട്ടി കേന്ദ്രസർക്കാർ. നേരത്തേ പുറത്തിറക്കിയ അറിയിപ്പ് പ്രകാരം ഇന്നായിരുന്നു അപ്പീൽ നൽകാനുള്ള അവസാന തീയതി .

## INDIA- OPERATION AMISTAD

ഭൂകമ്പം നാശം വിതച്ച വെനിസ്വേലയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി ഇന്ത്യ. ഇന്ത്യൻ രക്ഷാപ്രവർത്തകരും വൈദ്യസഹായ സംഘങ്ങളും വെനിസ്വേല അധികൃതരുമായി ചേർന്നാണ് പ്രവർത്തിക്കുന്നത്. ഇന്ത്യൻ സേനയുടെ ആശുപത്രിയും സജ്ജമാക്കി. നേരത്തെ മരുന്നും മെഡിക്കൽ ഉപകരണങ്ങളുമായി 41 അംഗ ഇന്ത്യൻ സംഘം വ്യോമസേനയുടെ രണ്ട് വിമാനങ്ങളിൽ വെനിസ്വേലയിലെത്തിയിരുന്നു.

## US-IRAN

പശ്ചിമേഷ്യൻ സംഘർഷം അവസാനിപ്പിക്കുന്നതിനായി യു.എസും ഇറാനും ഖത്തർ തലസ്ഥാനമായ ദോഹയിൽ നടത്താനിരുന്ന ചർച്ചകൾക്ക് മേൽ കരിനിഴൽ. അടുത്തവട്ടം

ചർച്ച ദോഹയിൽ നടന്നേക്കുമെന്ന് പ്രസിഡൻറ് ഡൊണാൾഡ് ട്രംപ് പറഞ്ഞപ്പോൾ ഇറാൻ ഇക്കാര്യം നിഷേധിച്ചു. അന്തിമകരാറിന് മുമ്പ് 14 ഇന ധാരണാപത്രം നടപ്പിലാക്കുന്നതിനാണ് മുൻഗണനയെന്ന് ഇറാൻ അധികൃതർ പറഞ്ഞു. യുഎസ്സുമായി നേരിട്ട് ചർച്ചയ്ക്ക് സാധ്യതയില്ലെന്നും ഇറാൻ പറഞ്ഞു.

## SHIVRAJ SINGH CHOUHAN– AGRICULTURE

കാർഷികമേഖലയുടെ വികസനം ഒഴിവാക്കി വികസിത ഭാരതമെന്ന ലക്ഷ്യത്തിലെത്താൻ കഴിയില്ലെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ഹരിയാനയിലെ ഹിസാറിൽ ഖേത് ബചാവോ അഭിയാൻറെ സമാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മണ്ണിനെ കുറിച്ചും, എത്ര തോതിൽ വളപ്രയോഗം വേണമെന്നുമുള്ള വിവരങ്ങൾ കർഷകർക്ക് നൽകാൻ മൊബൈൽ ആപ്പ് വികസിപ്പിക്കാനുള്ള ശ്രമത്തിലാണ് സർക്കാരെന്നും മന്ത്രി പറഞ്ഞു.

## SIR

തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടികൾക്ക് ഡൽഹി ,കർണാടക, ജാർഖണ്ഡ്, മഹാരാഷ്ട്ര , മേഘാലയ എന്നിവിടങ്ങളിൽ തുടക്കമായി. ഇതിനായി ജില്ലാടിസ്ഥാനത്തിൽ ബൂത്ത് ലെവൽ

ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട് . ഒരു മാസം നീണ്ടു നിൽക്കുന്ന വിവരശേഖരണം അടുത്തമാസം 29 നു അവസാനിക്കും. കരട് വോട്ടർ പട്ടിക ഓഗസ്റ്റ് 5 ന് പ്രസിദ്ധീകരിക്കും.